LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റികളുടെ ഗുണനിലവാരം

37 [1138] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി.-യുടെ പ്രതിവർഷ അവലോകനപ്രകാരം കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളുടെ ഗുണനിലവാരം (റാങ്കിംഗ്) എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) കേരളത്തിൽ സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ അനുവദിച്ചതുമൂലം വിദ്യാഭ്യാസ ഗുണനിലവാരം മുൻകാലങ്ങളേക്കാൾ മെച്ചപ്പെട്ടിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ;

(സി) ഇപ്പോഴത്തെ യൂണിവേഴ്സിറ്റികളിലും അഫിലിയേറ്റഡ് പ്രൊഫഷണൽ കോളേജുകളിലും അന്യ സംസ്ഥാനങ്ങളിൽ നിന്നോ വിദേശത്ത് നിന്നോ ഉള്ള വിദ്യാർത്ഥികളുടെ വരവ് കൂടിയിട്ടുണ്ടോ ?

ഉത്തരം

(എ) യു.ജി.സി. പ്രതിവർഷ അവലോകനപ്രകാരം സർവ്വകലാശാലകളുടെ ഗുണനിലവാരം (റാങ്കിംഗ്) നിശ്ചയിച്ചതായി അറിവില്ല.

(ബി) ഭൂരിഭാഗം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെയും ആദ്യ ബാച്ച് ഇതുവരെ കോഴ്സ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച കാര്യമായ വിവരം ലഭ്യമല്ല.

(സി) ഗണ്യമായ മാറ്റം വന്നിട്ടില്ല.

സ്കൂൾ കുട്ടികൾക്കുള്ള മുട്ട വിതരണ പദ്ധതിയുടെ തുക വർദ്ധിപ്പിക്കാൻ നടപടി

38 [1139] ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ലൂഡി ലൂയിസ് :
,, കെ. സുധാകരൻ :
,, എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ ഒരു മുട്ട വീതം കൊടുക്കുന്ന പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് മുട്ട വിതരണം ചെയ്യുന്നുണ്ട് ;

(ബി) ഈ പദ്ധതി പ്രകാരം മുട്ടയൊന്നിന് അനുവദിച്ചിട്ടുള്ള വിലയെത്രയാണ് ;

(സി) മഞ്ഞുകാലത്ത് വടക്കേ ഇന്ത്യയിൽ മുട്ടയ്ക്ക് വില വർദ്ധിക്കുന്നതുകൊണ്ട് സംസ്ഥാനത്തും മുട്ടവില വർദ്ധിക്കുന്നതിനാൽ ഈ കാലത്ത് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?